ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ ബാധ്യതകൾ തീർക്കുന്നതിന് നടപടി

130 [3020] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ പുനരുദ്ധരിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആർ. ഐ. എ. ബി.-യെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനാ വിഷയങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഒറ്റത്തവണ തീർപ്പാക്കൽ സ്കീമിൽപ്പെടുത്തി സ്ഥാപനത്തിന്റെ ബാദ്ധ്യതകൾ തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്ഥാപനത്തിന്റെ പുനരുദ്ധാരണ നടപടികൾ നിർദ്ദേശിക്കുന്നതി നായാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) ഇല്ല.

(സി) റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ സമർപ്പിച്ച പ്രോജക്ടിന് സാമ്പത്തിക സഹായം

131 [3021] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ സമർപ്പിച്ച നോട്ട്ബുക്ക് നിർമ്മാണം, അക്ഷരശ്രീ യൂണിറ്റ്, ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് എന്നീ പ്രോജക്ട് റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; എത്ര കോടി രൂപയുടെ ചെലവാണ് പ്രോജക്ട് നടപ്പിലാക്കാൻ കണക്കാക്കിയിട്ടുള്ളത്;

(സി) ഈ പ്രോജക്ടിന്റെ ഫീസിബിലിറ്റി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് ഏതെങ്കിലും ധനകാര്യ സ്ഥാപനം വായ്പയോ, സാമ്പത്തിക സഹായമോ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ധനകാര്യ സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി ആന്റ് സി) പരിശോധിച്ചു വരുന്നു. പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

2915 ലക്ഷം രൂപയാണ് പ്രോജക്ട് തുകയായി കണക്കാക്കിയിരിക്കുന്നത്.

കൊല്ലം ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള കൂടിശ്ശിക

132 [3022] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള കൂടിശ്ശിക ബില്ലുകൾ മൂന്നുമാസത്തിലേറെയായി പാസ്സാക്കി കൊടുക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബില്ലുകൾ മാറിക്കൊടുക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ശമ്പള കൂടിശ്ശിക ബില്ലുകൾ എത്രയും വേഗം മാറ്റിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2004-05-ലെ ബഡ്ജറ്റ് അലോട്ട്മെന്റ് പ്രകാരം 3 പ്രൈവറ്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിലേക്കും കൂടി 14,35,50,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2005 ഫെബ്രുവരി വരെ 3 കോളേജിലേക്കും കൂടി 13,07,49,000 രൂപ ശമ്പള ഇനത്തിലും ശമ്പള കൂടിശ്ശിക ഇനത്തിലും ചെലവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിലെ സർക്കുലർ നമ്പർ 35/200/ഫിൻ. തീയതി 9-6-2004 ഫിനാൻസ് സ്ട്രീം ലൈനിംഗ് വകുപ്പിൽ നിന്നുള്ള കർശന നിർദ്ദേശപ്രകാരം ബഡ്ജറ്റ് തുകയിൽനിന്നു മാത്രമേ ചെലവാക്കാൻ പാടുള്ളൂ. 2005-06-ലെ സാമ്പത്തിക വർഷത്തേക്ക് ശമ്പള കൂടിശ്ശിക ബില്ലുകൾ പരിഗണിക്കുന്നതാണ്.

(സി) അടുത്ത സാമ്പത്തിക വർഷം (2005-06)-ൽ ശമ്പള കൂടിശ്ശിക ബില്ലുകൾ തുകയുടെ ലഭ്യത അനുസരിച്ച് പാസ്സാക്കി കൊടുക്കുന്നതാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly